# പതിമൂന്നാം കേരള നിയമ സഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 566 06.03.2012- ൽ മറുപടിക്ക്**

**കൊരട്ടി വൈഗൈ ത്രെഡ്സ് കമ്പനി**

| ചോദ്യം<br>ശ്രീ. ബി.ഡി ദേവസ്സി | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സർക്കാർ പാട്ടത്തിനു കൊടുത്ത സ്ഥലത്ത് പ്രവർത്തിക്കുന്ന കൊരട്ടി വൈഗൈ ത്രെഡ്സ് കമ്പനി മാനേജ്മെന്റ് ദീർഘകാലമായി തൊഴിലാളികളുടെ കരാർ പുതുക്കാതെ കമ്പനി അടച്ചുപൂട്ടുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>(ബി) | ഉണ്ട്. വൈഗൈ ത്രെഡ്സ് കമ്പനിയുടെ പുനരുദ്ധാരണത്തിനായി സമർപ്പിച്ച പ്രൊപ്പോസൽ പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനാൽ കമ്പനി അടച്ചു പൂട്ടാൻ BIFR **19.08.2008-** ൽ അനുമതി നൽകി. ഇതിനെതിരായ അപ്പീൽ AAIFR **1.9.2009-** ൽ തള്ളി. കമ്പനിയിലെ തൊഴിലാളികളുടെയും ജീവനക്കാരുടെയും താൽപര്യം സംരക്ഷിക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട കർണ്ണാടക ഹൈക്കോടതിയിൽ നിലവിലുള്ള കമ്പനി പെറ്റീഷൻ നം.90/2008 ൽ കേരള സർക്കാർ കക്ഷി ചേരുന്നതിന് നടപടിയെടുത്തിട്ടുണ്ട്. |
| (ബി)കമ്പനി നിലനിർത്തുന്നതിനും, തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ച് അർഹമായ സേവന വേതനവ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ